ഉത്തരം

(എ) ഉണ്ട്.

(ബി) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുക, ഭാവിയിലേക്ക് ഊർജ്ജം കരുതുന്നതിനായി ഊർജ്ജസ്രോതസ്സുകളുടെ അമിത ചൂഷണം തടയുക, ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുക, പത്ത് ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുക തുടങ്ങിയവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

(സി) പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയും ജനപ്രതിനിധികളുമായും സഹകരിച്ച് 24 ഫീഡറുകൾ കേന്ദ്രീകരിച്ച്. നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ നടത്തി. കാമ്പയിന്റെ വിജയത്തിനായി സെക്ഷൻ ഓഫീസുകളെ പരമാവധി പ്രയോജനപ്പെടുത്തിയിരുന്നു. പദ്ധതി വിജയകരമായി നടപ്പാക്കിയ ഫീഡറുകളുടെ പരിധിയിലുള്ളവർക്കും ഊർജ്ജലാഭം വരുത്തിയവർക്കും പ്രോത്സാഹനമായി വിവിധ സമ്മാനങ്ങൾ നൽകി.

കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം

19 (4601) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നിയമം നടപ്പിലാക്കുന്നതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) എസ്കലേറ്ററുകളുടെയും ബന്ധപ്പെട്ട ഉപകരണങ്ങളുടെയും സുരക്ഷിതമായ പ്രവർത്തനം ക്രമീകരിക്കുന്നതിന് ഈ നിയമം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ നിയമം നടപ്പാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)1. ലിഫ്റ്റ് അല്ലെങ്കിൽ എസ്കലേറ്റർ ഉപയോഗിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക

2. ഇവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക

3. സംസ്ഥാനത്ത് നിലവാരമില്ലാത്ത ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രതിഷ്ഠാപനങ്ങൾ ഒഴിവാക്കുക.

(സി) മേൽപ്പറഞ്ഞ മേഖലയിൽ പൂർണ്ണമായും പ്രയോജനപ്പെടുന്നുണ്ട്.

(ഡി) 1. നിലവാരമുള്ള ലിഫ്റ്റ്/എസ്കലേറ്റർ നിർമ്മിക്കുന്നതിനുള്ള ലൈസൻസ് നിർമ്മാതാക്കൾക്ക് നൽകുന്നു.

2. ചട്ടം നിലവിൽ വന്നതിനുശേഷമുള്ള എല്ലാ ടി പ്രതിഷ്ഠാപനങ്ങളുടെയും നിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുകയും ലൈസൻസ് നൽകുകയും ചെയ്യുന്നു.

3. ചട്ടം നിലവിൽ വരുന്നതിനു മുമ്പുള്ള ടി പ്രതിഷ്ഠാപനങ്ങൾക്ക് സമയപരിധി നൽകി നിലവാരമുള്ളതാക്കിക്കൊണ്ട് ലൈസൻസ് നൽകുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർ.എ.പി.ഡി.ആർ.പി.

20 (4602) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എ.പി.ഡി.ആർ.പി. (Restructured Accelerated Power Development and Reforms Programme) പദ്ധതിയിൽ പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) പൂർണ്ണമായും മുനിസിപ്പാലിറ്റികളെ മാത്രമാണോ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ മുനിസിപ്പാലിറ്റികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു വർഷമാണ് പദ്ധതി അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ ?